(ബി) സംസ്ഥാനത്ത് ജനങ്ങളുപയോഗിക്കുന്ന കുടിവെള്ളം പൂർണ്ണമായും സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഇതിനായി സംസ്ഥാനത്തെ എല്ലാ കുടിവെള്ള സ്രോതസ്സുകളും നിരന്തര ഗുണ പരിശോധനയ്ക്ക് വിധേയമാക്കി ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാനാണ് ഇതുവഴി ലക്ഷ്യമിടുന്നത്. കൂടാതെ പൊതുജനങ്ങൾക്ക് കുടിവെള്ള പരിശോധനയ്ക്കുള്ള സൗകര്യം ലഭ്യമാക്കാനും ലക്ഷ്യമിടുന്നുണ്ട്;

(സി) ഗുണനിലവാര പരിശോധനാ വാണുകൾ ആവശ്യമായ സ്ഥലങ്ങൾ നിശ്ചയിച്ച് പദ്ധതി തയ്യാറാക്കി സംസ്ഥാന സർക്കാർവഴി കേന്ദ്ര സർക്കാരിന്റെ പദ്ധതി അനുമതി കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഇപ്രകാരം അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് ഉടൻന്ന് ഭരണാനുമതി ലഭ്യമാക്കി പദ്ധതി നിർവ്വഹണത്തിനാവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്.

ബാവിക്കര കുടിവെള്ള പദ്ധതി

180(881) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതി ആരംഭിച്ചതെന്നാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് നാളിതുവരെയായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പദ്ധതി ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ ഒരു ഭാഗം മാത്രം കെട്ടിപ്പൊക്കി മറുഭാഗത്തേയ്ക്ക് വെള്ളം കുത്തി ഒഴിച്ചുപോകുക വഴി തീരപ്രദേശത്തെ കൃഷി നശിച്ചുപോകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് എന്തെങ്കിലും പരിഹാര നടപടിസ്വീകരിച്ചിട്ടുണ്ടോ;

(ഇ) പദ്ധതിക്ക് നിർദ്ദേശിച്ച സ്ഥലം അനുയോജ്യമല്ലായിരുന്നുവെന്ന് ഉന്നതതല സാങ്കേതിക വിദഗ്ധർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(എഫ്) മേൽ പ്രവൃത്തി പുനരാരംഭിക്കാതെ, വർഷങ്ങളായി കെട്ടുന്ന താൽകാലിക തടയണ കെട്ടാൻ അനുവദിക്കില്ലായെന്ന പ്രദേശവാസികളുടെ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി 1976-ൽ ആരംഭിച്ചു. ഇതിന്റെ സ്രോതസ്സ് ചന്ദ്രഗിരിപ്പുഴയിലെ ബാവിക്കരയിലാണ്. ഇതോടനുബന്ധിച്ചുള്ള ബാവിക്കരയിലെ നിർദ്ദിഷ്ട റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2005-ൽ ആരംഭിച്ചു.

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്കായി നാളിതുവരെ 438.41 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആദ്യ കരാർ പ്രകാരം 277.42 ലക്ഷം രൂപയും രണ്ടാം കരാർ പ്രകാരം 160.81 ലക്ഷം രൂപയും ചെലവായിട്ടുണ്ട്.

(സി) നിർത്തിവച്ചിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിച്ചപ്പോൾ സൈറ്റ് കണ്ടീഷനിൽ ഉണ്ടായ ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമായി വന്നു. ഇതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കേണ്ടിവന്നതുമൂലം പ്രവൃത്തി നിർത്തിവയ്ക്കേണ്ടിവന്നു. പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചെങ്കിലും കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കാത്തതിനാൽ ഒഴിവാക്കുകയുണ്ടായി. 27-1-2016-ലെ യോഗ തീരുമാനപ്രകാരം ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. ഡിസൈൻ പുതുക്കി തരാമെന്ന് അറിയിച്ചതനുസരിച്ച് ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടി ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു.

(ഡി) കരയിടിച്ചിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റഗുലേറ്ററിന്റെ ബാക്കി പ്രവൃത്തിയോടനുബന്ധിച്ച് ഈ ഭാഗത്തിന്റെ പാർശ്വസംരക്ഷണവും നടത്തുന്നതാണ്.

(ഇ) ലഭിച്ചിട്ടില്ല

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രദേശത്തെ ഒരു വിഭാഗം ജനങ്ങൾ ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് പ്രക്ഷോഭ രംഗത്തുണ്ട്. ബന്ധപ്പെട്ടവരുമായി കാസർഗോഡ് ജില്ലാ കളക്ടർ 19-1-2016-ന് വിളിച്ചുചേർത്ത യോഗത്തിൽ പ്രശ്നം ഉന്നതതലത്തിൽ പരിഹരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 27-1-2016 ന് നടന്ന ചർച്ചയുടെ തീരുമാനപ്രകാരം സമീപം തടയണയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനാൽ കാസർഗോഡ് ഉദുമ നിയമസഭാ സാമാജികരുടെയും ആക്ഷൻ കമ്മിറ്റി ഭാരവാഹികളുടെയും സാന്നിദ്ധ്യത്തിൽ പ്രസ്തുത സ്ഥലത്ത് വച്ച് ആക്ഷൻ കമ്മിറ്റി ഭാരവാഹികളുമായി ഫെബ്രുവരി രണ്ടാം വാരത്തിൽ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly